പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2854 — 20/03/2015 ൽ മറുപടിയ്ക്ക്

## റീ-സർവ്വെ ജോലികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ. നാണു<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി. ജമീല പ്രകാശം<br>ശ്രീ. മാത്യു റ്റി. തോമസ് | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) 1965-ൽ സംസ്ഥാന സർക്കാർ റീ-സർവ്വേ സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര വർഷം കൊണ്ടാണ് റീ-സർവ്വെ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്നതെന്നറിയിക്കുമോ; | (എ) 30 വർഷം കൊണ്ടാണ് റീസർവ്വേ പൂർത്തീകരിക്കാൻ ഉദ്ദേശിച്ചിരുന്നത്. |
| (ബി) എത്ര പ്രദേശത്തിന്റെ റീ-സർവ്വെയും എത്ര വില്ലേജുകളുടെ റീ-സർവ്വെയും പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും റീസർവ്വേ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. |
| (സി) പ്രസ്തുത സർവ്വെ ജോലികൾക്ക് എത്ര ജീവനക്കാരുടെ സേവനമാണ് വിനിയോഗിക്കാൻ ഉദ്ദേശിച്ചിരുന്നത്; | (സി) എത്ര ജീവനക്കാരുടെ സേവനമാണ് വിനിയോഗിക്കാൻ ഉദ്ദേശിച്ചിരുന്നതെന്ന് പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിരുന്നില്ല. |
| (ഡി) ഇതിനു വേണ്ടി എത്ര ജീവനക്കാരെ നിയോഗിക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ; | (ഡി) റീസർവ്വേ ജോലികൾക്കായി നിലവിൽ 1678 ഫീൽഡ് സർവെയർമാർ ഉൾപ്പെടെ 3804 ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. |
| (ഇ) എത്ര പ്രദേശത്തിന്റെയും എത്ര വില്ലേജുകളുടെയും റീ-സർവ്വെ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ഇ) 824 വില്ലേജുകളിലായി 1966382.00 ഹെക്ടർ റീസർവെ പൂർത്തീകരിച്ച് റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ